# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2331

08/07/2015 -ൽ മറുപടിക്ക്

### ദേശീയ ജലപാതയുടെ നിർമ്മാണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ജോസഫ് വാഴയ്ക്കൻ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. കെ.മുരളീധരൻ<br>ശ്രീ. എ.പി.അബ്ദുളളക്കുട്ടി | | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ദേശീയ ജലപാത യാഥാർത്ഥ്യമാക്കാൻ എന്തെല്ലാം കർമ്മപരി പാടികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | കൊല്ലം മുതൽ കോട്ടപ്പുറം വരെയുളള ജലപാത യാണ് ദേശീയ ജലപാത നമ്പർ-3 ആയി അംഗീകരിച്ച് പ്രവൃത്തികൾ നടത്തി വരുന്നത്. ഈ പണിയുടെ മേൽനോട്ടം വഹിക്കുന്നത് കേന്ദ്ര സർക്കാർ സ്ഥാപനമായ 'ഇൻലാന്റ് വാട്ടർവെയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ' (IWAI) ആണ്. ഇതിന് 168 കി.മീ ദൈർഘ്യം ഉണ്ട്. കൂടാതെ ചമ്പക്കരകനാൽ, (14 കി.മീ), ഉദ്യോഗമണ്ഡൽ കനാൽ (23 കി.മീ) ഇവയുൾപ്പെടെ ആകെ 205 കി.മീ ദൈർഘ്യമാണ് ഇതിനുളളത്.<br>ദേശീയജലപാത നിർമ്മാണപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്നും സ്വീകരിക്കേണ്ട നടപടികൾ IWAI അധികൃതർ ആവശ്യപ്പെടുന്ന പ്രകാരം സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നു. നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി ദേശീയജലപാത യുടെ ആഴം കൂട്ടൽ പണികൾ നടത്തുമ്പോൾ ലഭ്യമാകുന്ന മണ്ണ്, ചെളി, മറ്റു മാലിന്യങ്ങൾ എന്നിവ നിക്ഷേപിക്കുവാൻ മതിയായ സ്ഥലങ്ങൾ ലഭ്യമല്ലാതെ വരുന്ന സാഹചര്യങ്ങളിൽ, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ, റവന്യൂ അധികാരികൾ, ജില്ലാ കളക്ടർമാർ എന്നിവരുടെ സഹായത്തോടെ ആയതിന് സ്ഥലം കണ്ടെത്തി നൽകാറുണ്ട്. |

ജലപാതയിൽ മാർഗ്ഗതടസ്സമായി സ്ഥാപിക്കപ്പെട്ട ചീന വലകൾ ഊന്നിവലകൾ എന്നിവ നഷ്ടപരിഹാരം നൽകി നീക്കം ചെയ്യുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമെ ഈ പദ്ധതിയുടെ ഭാഗമായുള്ള പണികൾ IWAIക്ക് നടത്തുവാൻ വിഘ്നമായി നിൽക്കുന്ന ക്രമസമാധാന പ്രശ്നങ്ങൾക്കു സംസ്ഥാന സർക്കാർ ഇടപെട്ട് പരിഹാരം കണ്ടെത്താറുണ്ട്. കായംകുളം കായലിൽ 2 കി. മീറ്ററും ആലപ്പുഴ സീറോ ജെട്ടി ഭാഗത്ത് 400 മീറ്ററും പണി പൂർത്തിയാക്കിയാൽ ഈ പാതയിലാകെ 2 വരി ഗതാഗതം സാദ്ധ്യമാകും. പൂർത്തിയാകാത്ത ഭാഗത്ത് ഇപ്പോൾ ഒറ്റവരി ഗതാഗതം സാദ്ധ്യമാണ്.

| | | |
|---|---|---|
| (ബി) ജലപാതയുടെ തീരത്തുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ; | (ബി) | ജലപാത സഞ്ചാരയോഗ്യമാകുന്ന മുറയ്ക്ക് ബോട്ട് ജെട്ടി ടെർമിനൽ, ലാന്റിംഗ് സെന്റർ എന്നിവ നിർമ്മിക്കേണ്ടതായിട്ടുണ്ട്. ഇവ കൂടാതെ നിലവിലുള്ള നിയമങ്ങൾക്ക് അനുസൃതമായാണ് ജലപാതയുടെ തീരത്തുള്ള നിർമ്മാണപ്രവർത്തനങ്ങൾ നടത്തേണ്ടത്. |
| (സി) മിഷൻ 676-ൽ ഇതിനായി എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ? | (സി) | മിഷൻ 676 ൽ ഉൾപ്പെടുത്തി സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്ന് ചെയ്യേണ്ട എല്ലാവിധ നടപടികളും സ്വീകരിച്ച് ഈ പദ്ധതി നടപ്പാക്കുന്ന IWAI വഴി എത്രയും വേഗം പണി പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ